(സി) പ്രസ്തുത ഫയൽ ആർ.ഡി.ഡി. ആഫീസിൽ നിന്ന് ഡി.ഇ.ഒ. ആഫീസിലേക്ക് എത്ര തവണ അങ്ങോട്ടും ഇങ്ങോട്ടുംഅയച്ചു;

(ഡി) ഇനിയും കാലതാമസം വരുത്താതെ ഈ ഫയലിൻമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 23.10.78-ൽ

(ബി) സർവ്വീസ് ബുക്കിലെ ചില ന്യൂനതകൾ പരിഹരിച്ചു കിട്ടേണ്ടിയിരുന്നതുകൊണ്ടും ആഫീസിൽ ജോലിത്തിരക്കുണ്ടായിരുന്നതു കൊണ്ടും അൽപ്പം കാലതാമസം നേരിട്ടു.

(സി) മൂന്നുതവണ.

(ഡി) ആർ.ഡി.ഡി. വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ട്രെയിനിംഗ് സ്കൂളുകൾ

1159 [1849] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ട്രെയിനിംഗ് സ്കൂളുകളുടെ ഉന്നമനത്തിന് വേണ്ടി ഗവൺമെൻറ് എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

പ്രാഥമികാദ്ധ്യാപക പരിശീലനം പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയുക്തമായ വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ട് തത്വത്തിൽ ഗവൺമെൻറ് അംഗീകരിക്കുകയും സമിതിയുടെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപന പരിശീലന പാഠപദ്ധതി ആധുനികധാരണകൾക്കനുസൃതമായി പരിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ട്. മെച്ചമായ യോഗ്യതയുള്ള അദ്ധ്യാപകരെ ട്രെയിനിംഗ് സ്കൂളുകളിൽ നിയമിക്കുന്നതിനും ഇപ്പോൾ ഉള്ള അദ്ധ്യാപകർക്ക് പുതുക്കിയ പാഠ്യപദ്ധതിയിൽ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അദ്ധ്യാപകപരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യയനസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പല നടപടികളും ഡിപ്പാർട്ടുമെൻറ് സ്വീകരിച്ചിട്ടുണ്ട്. യൂണിസെഫിൽനിന്നും ലഭിച്ച ശാസ്ത്രോപകരണങ്ങളും പുസ്തകങ്ങളും ഭൂരിഭാഗം സർക്കാർ ട്രെയിനിംഗ് സ്കൂളുകൾക്കും ലഭ്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഏതാനും സ്വകാര്യ വിദ്യാലയങ്ങൾക്കു കൂടി ഇവ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളിലെ താമസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കുക ആദിയായ കാര്യങ്ങളും ഡിപ്പാർട്ടുമെൻറിൻെറ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly